17/GOV/2017

19/12/17

| CE | 19/12 |
|---|---|
| DCE | |
| AO | |
| AA | |
| S | |

കേരള സർക്കാർ

നം.ഡി.എ 1/983/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 12.12.2017

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ് - 2017-18 വാർഷിക പദ്ധതി- എസ്.സി.എസ്.പി./റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 09.11.2017 ൽ ബഹു. പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ-നിയമസാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം

2. 29.11.17 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.10 നമ്പർ തീരുമാനം

എസ്.സി.എസ്.പി./റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

I. പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന സമാന പദ്ധതികൾക്ക് ഭാവിയിൽ ഒരേ നിരക്കും ഒരേ മാനദണ്ഡവും പാലിക്കേണ്ടതാണ്.

II. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പുതുതായി നടപ്പിലാക്കുന്ന പഠനമുറി പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് (കെട്ടിട നിർമ്മാണത്തിന്) 2.00 ലക്ഷം രൂപയാക്കി പുതുക്കി നിശ്ചയിച്ചു. നടപ്പുവർഷം പഠനമുറിക്ക് ആവശ്യമായ ഫർണിച്ചറുകളടക്കം മറ്റു സൗകര്യങ്ങൾ എന്നിവ പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നു നടപ്പിലാക്കണം. പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. വരും വർഷങ്ങളിൽ നിശ്ചിത എണ്ണം പഠന മുറികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഒരേ മാനദണ്ഡ പ്രകാരം സംയുക്തമായി നടപ്പിലാക്കേണ്ടതാണ്.

III. വൈദ്യുതി, കുടിവെള്ളം എന്നീ പൊതു സൗകര്യ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് താഴെപ്പറയുന്ന രീതി സ്വീകരിക്കാവുന്നതാണ്.

1) 51% ഗുണഭോക്താക്കൾ SC/ST അല്ലാത്ത പക്ഷം മൊത്തം ഗുണഭോക്തൃ കുടുംബങ്ങളിൽ 25 ശതമാനമെങ്കിലും പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങളുണ്ടെങ്കിൽ ആനുപാതികമായി (proportionate) SCSP/TSP വിഹിതം വിനിയോഗിക്കാവുന്നതാണ്.

2) അംഗീകൃത പട്ടികജാതി/പട്ടികവർഗ്ഗ കോളനി/സങ്കേതങ്ങളിലേയ്ക്ക റോഡ് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും (Internal Road) പുറത്തുള്ള ഭാഗവും ഒറ്റ എസ്റ്റിമേറ്റിൽ വരുന്ന പക്ഷം 51 ശതമാനം ഗുണഭോക്താക്കൾ പട്ടിക വിഭാഗക്കാരായാൽ SCSP/TSP ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

3) പട്ടികജാതി/പട്ടികവർഗ്ഗ കോളനി/സങ്കേതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന റോഡുകൾക്ക് കുറഞ്ഞ വീതി നിഷ്കർഷിക്കേണ്ടതില്ല. സങ്കേതങ്ങൾക്ക് പുറത്തുള്ള ഭാഗത്തിന് കുറഞ്ഞത് 3 മീറ്ററെങ്കിലും വീതി ഉണ്ടാകേണ്ടതാണ്. സങ്കേതങ്ങൾക്കുള്ളിലേയ്ക്കുള്ള റോഡുകൾക്ക് മാത്രമേ SCSP/TSP ഫണ്ട് അനുവദിക്കാവൂ.

IV. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ SCDO മാരുടെ തസ്തിക സൃഷ്ടിക്കുന്നതുവരെ ബന്ധപ്പെട്ട ബ്ലോക്കിലെ (നേരത്തേ ചാർജ്ജുണ്ടായിരുന്ന) SCDO മാർ നിർവഹണ ഉദ്യോഗസ്ഥരായി തുടരേണ്ടതാണ്. ഇവർക്ക് ആവശ്യമായി വരുന്ന ക്ലറിക്കൽ സപ്പോർട്ട് നഗരസഭകൾ നൽകേണ്ടതാണ്.

V. SCSP യിൽ നടപ്പാതകൾ നിർമ്മിക്കുമ്പോൾ കുറഞ്ഞത് 5 വീടുകളെങ്കിലും (പട്ടികജാതി വിഭാഗ ഗുണഭോക്തൃ കുടുംബങ്ങൾ) ഒരു ക്ലസ്റ്ററായി ഉണ്ടാകേണ്ടതാണ്.

VI. അംബേദ്കർ ഗ്രാമ വികസന പരിപാടികളുടെ മാതൃകയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സങ്കേത വികസന പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്.

VII. എല്ലാ ഡി.പി.സി. മീറ്റിംഗുകളിലും SCSP/TSP പദ്ധതികളുടെ അവലോകനം ഒരു അജണ്ട ഇനമായി ഉൾപ്പെടുത്തേണ്ടതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ